# 32. ടെലിഫോൺ ചോർത്തൽ

കർണാടകത്തിൽ മുഖ്യമന്ത്രിയായിരുന്ന രാമകൃഷ്ണ ഹെഗ്ഡെയെ സ്ഥാനഭ്രഷ്ടനാക്കുന്നതിന് അദ്ദേഹത്തിന്റെ മന്ത്രിസഭയിൽ അംഗമായിരുന്ന ദേവഗൗഡ, രണ്ടുപേരും അംഗങ്ങളായ ജനതാപാർട്ടിയുടെ അദ്ധ്യക്ഷനായ അജിത്സിംഹിന്റെ സഹായത്തോടെ പരിശ്രമിച്ചിരുന്ന സമയം. ദേവഗൗഡയും അജിത്സിംഹും തമ്മിൽ നടന്ന ഒരു ടെലിഫോൺ സംഭാഷണം അതേപടി പകത്തി ഇന്ത്യൻ എക്സ്പ്രസ്സ് പത്രം പ്രസിദ്ധീകരിച്ചു. ചില വ്യക്തികളുടെ ടെലിഫോൺ സംഭാഷണം രഹസ്യപ്പോലീസിനു ചോർത്തിക്കൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കർണാടക സംസ്ഥാനത്തിലെ ആഭ്യന്തരവകുപ്പ് സെക്രട്ടറി ബാംഗ്ളൂരിലെ ടെലിഫോൺ വകുപ്പ് അധികൃതർക്ക് അയച്ച കത്തിന്റെ ഫോട്ടോസ്റ്റാറ്റ് പകർപ്പ് ഹിന്ദുസ്ഥാൻ ടൈംസ് പത്രത്തിൽ അച്ചടിച്ചുവന്നു.

ഇതിനെത്തുടർന്ന് 1988 ആഗസ്റ്റ് 9-ാം തീയതി ടെലിഫോൺ ചോത്തൽ പാർലമെന്റിന്റെ ഇരുസഭകളിലും ചർച്ചാവിഷയമായി. രാഷ്ട്രീയ പ്രതിയോഗികളുടെ സംഭാഷണം ഒളിച്ചിരുന്നു കേൾക്കുന്നതിനുവേണ്ടി കർണാടക ഗവൺമെന്റ് നിലവിലുള്ള നിയമത്തെ ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെന്നും ഇത്തരം പ്രവൃത്തികൾ തുടരുന്നതു കേന്ദ്രഗവൺമെന്റ് അനുവദിക്കുകയില്ലെന്നും പ്രധാനമന്ത്രി രാജീവ്ഗാന്ധി ലോക്സഭയിൽ ഒരു പ്രസ്താവന ചെയ്തു. രാഷ്ട്രീയകക്ഷി നേതാക്കളുടെ ടെലിഫോൺ സംഭാഷണം ചോർത്തുന്നതു തടയാൻ നിലവിലുള്ള നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനു കേന്ദ്രഗവൺമെന്റ് തയ്യാറാണെന്ന് ഗൃഹമന്ത്രി ബൂട്ടാസിംഹ് രാജ്യസഭയിലും പ്രസ്താവിച്ചു. ബാംഗ്ളൂരിൽ 1985 മുതൽ ഇന്നോളം ടെലിഫോൺ ചോർത്തപ്പെട്ടുകൊണ്ടിരിക്കുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും ഒരു പട്ടിക കേന്ദ്ര വാർത്താവിതരണ മന്ത്രി വീർ ബഹാദൂർ സിംഹ് ലോക്സഭയിൽ സമർപ്പിക്കുകയും ചെയ്തു. മന്ത്രിമാർ, നിയമസഭാംഗങ്ങൾ, രാഷ്ട്രീയനേതാക്കൾ, പത്രപ്രവർത്തകർ, സാമൂഹ്യപ്രവർത്തകർ തുടങ്ങി അമ്പത്തൊന്നു പ്രമുഖരുടെ പേരുകൾ ഈ പട്ടികയിലുണ്ടായിരുന്നു.

ഇത്രയുമായപ്പോൾ ടെലിഫോൺ ചോർത്തലിന്റെ 'ധാർമിക'മായ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് കർണാടകത്തിലെ മുഖ്യമന്ത്രിസ്ഥാനം താൻ രാജിവെക്കുന്നതായി ആഗസ്റ്റ് 10-ാം തീയതി ദില്ലിയിൽ ചേർന്ന ഒരു പത്രസമ്മേളനത്തിൽ ഹെഗ്ഡെ പ്രഖ്യാപിച്ചു. ടെലിഫോൺ ചോർത്തൽ പണ്ടു മുതൽക്കേ കർണാടകത്തിൽ നടപ്പുണ്ടെന്നും എങ്കിലും താൻ അതു് അറിഞ്ഞിരുന്നില്ലെന്നും ഏതാണ്ട് പതിനഞ്ചു ദിവസം മുമ്പ് അതിനെപ്പറ്റി മനസ്സിലാക്കിയപ്പോൾ ആ നടപടി അവസാനിപ്പിക്കാൻ രഹസ്യാന്വേഷണ വകുപ്പിലെ ഡി ഐ. ജി. യോട് താൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഹെഗ്ഡെ പറഞ്ഞു. മാത്രമല്ല, രാജ്യത്തിലാകെയുള്ള ഫോൺ ചോർത്തലിനെപ്പറ്റി ഒരു ജൂഡീഷ്യൽ അന്വേഷണം നടത്തണമെന്ന് പ്രധാനമന്ത്രിയോട് താൻ ആവശ്യപ്പെട്ടതു നിരസിക്കപ്പെട്ടിരിക്കുകയാണെന്നും അദ്ദേഹം പ്രസ്താവിച്ചു. ഈ പശ്ചാത്തലത്തിലാണു ഫോൺ ചോർത്തലിൽ തനിക്കു യാതൊരു ബന്ധവുമില്ലെങ്കിൽക്കൂടി അതിന്റെ ധാർമികമായ ഉത്തരവാദിത്വം ഏറ്റെടുത്ത് താൻ രാജിവെക്കുന്നത്. രാഷ്ട്രീയത്തെ വീണ്ടും മൂല്യാധിഷ്ഠിതമാക്കുന്നതിനുള്ള ഒരു കാൽവെപ്പാണു തന്റെ രാജി എന്ന് ഹെഗ്ഡെ അവകാശപ്പെട്ടു.

അനധികൃതമായി പോലീസ്സോ മറ്റു സർക്കാർ ഉദ്യോഗസ്ഥരോ ടെലിഫോൺ ചോർത്തുന്നതും തപാൽ തുറന്നു പരിശോധിക്കുന്നതും ഇന്ത്യയിലെ

പത്രങ്ങളിൽ പെട്ടെന്നു ചർച്ചാവിഷയമായിത്തീർന്നതിന്റെ പശ്ചാത്തലം ഇതാണ്.

രാജ്യത്തിനകത്ത് ആരും ആരോടും നടത്തുന്ന ടെലിഫോൺ സംഭാഷണം ചോർത്തിയെടുത്തു കേൾക്കാനും സ്ഥിരമായി രേഖപ്പെടുത്തിവെക്കാനും ഉതകുന്ന യാന്ത്രിക സംവിധാനങ്ങൾ ഇപ്പോൾ സുലഭമായിട്ടുണ്ട്. വിദേശങ്ങളിൽനിന്ന് ഇറക്കുമതിചെയ്ത ഇത്തരം ഉപകരണങ്ങൾ ദില്ലിയിൽ കേന്ദ്രഗവണ്മെന്റ് വൻതോതിൽ സ്ഥാപിച്ചിട്ടുള്ളതായി ഹെഗ്ഡെതന്നെ ആരോപിച്ചിരിക്കുന്നു. തപാലിൽക്കൂടെ അയയ്ക്കപ്പെടുന്ന ഉരുപ്പടികളാണെങ്കിൽ റെയിൽവേ മെയിൽ സർവീസിൽ(ആർ. എം. എസ്.)വെച്ച് അവ തുറന്നു പരിശോധിക്കുക പ്രയാസമല്ല. ഇപ്പോഴും ആവശ്യമെന്നു തോന്നുന്ന ഘട്ടത്തിൽ ഇതു ചെയ്തുവരുന്നുമുണ്ട്.

നിലവിലുള്ള നിയമത്തിന് എതിരല്ല ഈ 'ചോർത്തലും തുറക്കലു'മെന്നതാണു ശ്രദ്ധിക്കേണ്ട വസ്തുത. ബ്രിട്ടനിൽ തപാൽസമ്പ്രദായം തുടങ്ങിയ കാലത്തുതന്നെ തപാൽ ഉരുപ്പടികൾ തുറന്നുപരിശോധിക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമായിരുന്നു. പിന്നീടു കമ്പിത്തപാൽ നടപ്പിലായപ്പോൾ സർക്കാരിന്റെ അധികാരം ആ രംഗത്തേക്കുകൂടി വ്യാപിച്ചു. ബ്രിട്ടനിലെ പ്രിവി കൗൺസിലർമാരുടെ ഒരു കമ്മിറ്റി 1957-ൽ തീരുമാനിച്ചത് സർക്കാരിന്റെ ഇതേ അധികാരം ടെലിഫോൺ ചോർത്തുന്നതിലേക്കുകൂടി വ്യാപിപ്പിക്കുന്നതിൽ തെറ്റൊന്നുമില്ലെന്നായിരുന്നു.

ബ്രിട്ടീഷ് മാതൃകയെ അവലംബിച്ച് ഇന്ത്യയിൽ നടപ്പിൽവരുത്തിയ 1885-ലെ ടെലഗ്രാഫ് ആക്ടും 1898-ലെ ഇന്ത്യൻ പോസ്റ്റ് ഓഫീസ് ആക്ടും 'ചോർത്താനും തുറക്കാനും' സർക്കാരിനുള്ള അനുവാദം അംഗീകരിക്കുന്നുണ്ട്. അതാതു തലത്തിലെ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാർക്കാണ് ഇക്കാര്യത്തിൽ പരമാധികാരം. അവരുടെ തീരുമാനം കോടതിയിൽ ചോദ്യംചെയ്യപ്പെടാവുന്നതല്ല. 1986-ൽ പാർലമെന്റിന്റെ ഇരു സഭകളും പാസ്സാക്കിയതും രാഷ്ട്രപതിയായിരുന്ന ജ്ഞാനി സെയ്ൽസിംഹ് അനുമതി നൽകാതെ തടഞ്ഞുവെച്ചതുമായ 'ഇന്ത്യൻ പോസ്റ്റ് ഓഫീസ് (അമെൻഡ്മെന്റ്) ബില്ലി'ലും തപാൽ ഉരുപ്പടികൾ തുറന്നുനോക്കാനുള്ള സർക്കാരിന്റെ അധികാരം അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

അതേസമയം ടെലിഫോൺ ചോർത്താനും തപാലുരുപ്പടികൾ തുറക്കാനും സർക്കാരിനുള്ള അനിയന്ത്രിതമായ അധികാരത്തിന് എതിരാണു പരിഷ്കൃത ജനാധിപത്യരാജ്യങ്ങളിലെ പൊതുജനാഭിപ്രായം. വ്യക്തിയുടെ ശരീരവും സ്വത്തുംപോലെ 'സ്വൈര'വും (പ്രൈവസി) അന്യരുടെ അനധികൃതമോ അനുചിതമോ ആയ ഇടപെടലിൽനിന്നു സംരക്ഷിക്കപ്പെടേണ്ടതാണെന്ന ധാരണയും ആ ധാരണയെ ആധാരമാക്കിയുള്ള മാമൂൽനിയമങ്ങളും(കസ്റ്റമറി ലോ) പല സമൂഹങ്ങളിലും പണ്ടേ നിലവിലുണ്ടായിരുന്നു. ഭരണഘടനകൾ എഴുതിയുണ്ടാക്കാൻ തുടങ്ങിയപ്പോൾ സ്വൈരജീവിതത്തിനുള്ള പൗരന്റെ അലംഘനീയമായ അവകാശം പല രാഷ്ട്രങ്ങളിലും ലിഖിതനിയമത്തിന്റെ ഒരു ഭാഗമായിത്തീർന്നു. ചാരപ്രവർത്തനം തടയുക, ആഭ്യന്തരസമാധാനം തകരാതെ നോക്കുക, കുറ്റകൃത്യങ്ങൾ ഒഴിവാക്കുക മുതലായ പൊതുലക്ഷ്യങ്ങൾ മുൻനിർത്തിയല്ലാതെ സാധാരണ പൗരന്മാരുടെ ആശയവിനിമയപ്രക്രിയയിൽ സർക്കാർ ഇടപെടാൻ പാടില്ലെന്നും അത്യാവശ്യ സന്ദർഭങ്ങളിൽ ഈ പ്രക്രിയയിൽ സർക്കാരിന് ഇടപെടേണ്ടിവന്നാൽ അതു നിശ്ചിതങ്ങളായ വ്യവസ്ഥകൾക്കു വിധേയമായിട്ടാവണമെന്നും ഇടപെടലിനെതിരെ കോടതിയുടെ സംരക്ഷണം തേടാൻ പൗരന്മാർക്ക് അവകാശമുണ്ടായിരിക്കണമെന്നും ഇന്ന് ഏറെക്കുറെ സാർവത്രികമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

ഇന്ത്യൻ ഭരണഘടനയിൽ പൗരന്മാരുടെ മൗലികാവകാശങ്ങൾ നിർവചിക്കുന്ന കൂട്ടത്തിൽ 'സ്വൈരം' (പ്രൈവസി) ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, 'നിയമംവഴി സ്ഥാപിച്ചിട്ടുള്ള നടപടിക്രമം അനുസരിച്ചല്ലാതെ യാതൊരാളു

ടെയും ജീവനോ വ്യക്തിസ്വാതന്ത്ര്യമോ ഇല്ലാതാകുവാൻ പാടില്ല' എന്ന 21-ാം വകുപ്പിലെ 'വ്യക്തിസ്വാതന്ത്ര്യം' എന്നതിൽ 'സ്വൈരം' കൂടി ഉൾപ്പെടുമെന്ന് 1963-ൽ സുപ്രീംകോടതിയിൽ വിധി പ്രസ്താവിക്കപ്പെട്ട ഒരു കേസ്സിലെ മൈനോറിററി ജഡ്ജ്മെൻറിൽ ജസ്റ്റിസ് സുബ്ബറാവു നിർദ്ദേശിച്ചിട്ടുണ്ട്. വ്യക്തിസ്വാതന്ത്ര്യം, സംഭാഷണ സ്വാതന്ത്ര്യം, ചലനസ്വാതന്ത്ര്യം എന്നിവയിൽനിന്ന് ഉത്ഭവിക്കുന്ന ഒരു മൗലികസ്വാതന്ത്ര്യമാണ് 'സ്വൈര'ത്തിനുള്ള അവകാശമെന്ന് 1975-ൽ പ്രസ്താവിച്ച ഒരു വിധിയിൽ ജസ്റ്റിസ് മാത്യുവും അഭിപ്രായപ്പെടുകയുണ്ടായി.

എങ്കിലും, 'സ്വൈരം' എന്ന മൗലികാവകാശത്തെപ്പററി ഇന്ത്യയിൽ നാം വളരെയൊന്നും ബോധവാന്മാരല്ല. മറിച്ച് ബഹളമുണ്ടാക്കിയും അച്ചടക്കമില്ലാതെ പെരുമാറിയും മററുള്ളവരെ സ്വൈരംകെടുത്തുന്നതു തങ്ങളുടെ മൗലികാവകാശമാണെന്നുവരെ നമ്മിൽ പലരും ധരിച്ചുവെച്ചിട്ടുമുണ്ട്. 'മാനനഷ്ടം' (ലൈബൽ) മുതലായ കുററങ്ങളിൽ ഉൾപ്പെടുത്തി പത്രപ്രവർത്തകർ വർജിക്കേണ്ട ഒരു കുററമാണു സ്വൈരഭഞ്ജനം എന്ന ധാരണ നമ്മുടെ പത്രപ്രവർത്തകർക്കും ഉള്ളതായി തോന്നുന്നില്ല.

കൈയിടൽ (ഇൻട്രൂഷൻ), കൈയടക്കൽ (അപ്രോപ്രിയേഷൻ), സ്വകാര്യവസ്തുതകൾ പരസ്യമാക്കൽ (പബ്ലിക് ഡിസ്ക്ലോഷർ ഓഫ് പ്രൈവററ് ഫാക്ട്സ്), പൊതുജനദൃഷ്ടിയിൽ അസത്യമായ വെളിച്ചത്തിൽ നിർത്തൽ (ഫാൾസ് ലൈററ് ഇൻ പബ്ലിക് ഐ) എന്നിങ്ങനെ സ്വൈരഭഞ്ജനത്തിനു നാലു പ്രകാരങ്ങളുള്ളതിൽ ആദ്യത്തേതായ 'കൈയിടലി'ൽ ആണ് ടെലിഫോണുകൾ ചോർത്തലും തപാലുരുപ്പടികൾ തുറക്കലും ഉൾപ്പെടുക.

ഇന്ത്യയിൽ ടെലിഫോൺ ചോർത്താനും തപാലുരുപ്പടികൾ തുറക്കാനും രഹസ്യാന്വേഷണ വകുപ്പിലെ പോലീസ്സുകാരെ തപാൽ—കമ്പിത്തപാൽ വകുപ്പുകാർ അനുവദിച്ചുവരുന്നുണ്ട്. ഈ അനുവാദം നൽകണമെന്നാവശ്യപ്പെടുന്ന രേഖാമൂലമായ കല്പന കേന്ദ്രഗവണ്മെൻേറാ സംസ്ഥാനഗവണ്മെൻറുകളോ ആണു തപാൽ—കമ്പിത്തപാൽ വകുപ്പിനു നൽകുന്നതു്. ഇങ്ങനെ ഒരു കല്പന നൽകാനുണ്ടായ സാഹചര്യമെന്തെന്ന് ആരും അന്വേഷിക്കാറില്ല.

ടെലിഫോൺ ചോർത്തുകയും തപാൽ ഉരുപ്പടികൾ തുറക്കുകയും ചെയ്യും മുമ്പ് അങ്ങനെ ചെയ്യേണ്ടതിന്റെ ആവശ്യം നിയമപ്രകാരം സ്ഥാപിതമായ ഒരു കോടതിയെ പോലീസ് (സർക്കാർ) അധികൃതർ ബോദ്ധ്യപ്പെടുത്തണമെന്ന നിയമം ഇപ്പോൾ പല പരിഷ്കൃതരാജ്യങ്ങളിലും നിലവിലുണ്ട്. കോടതിയുടെ അനുമതി കൂടാതെ പോലീസ്സോ മററു സർക്കാരുദ്യോഗസ്ഥരോ നടത്തുന്ന 'ചോർത്തലും തുറക്കലും' കുററമായാണു പരിഗണിക്കപ്പെടുന്നതു്. ഇന്ത്യയിലും ഈ അടിസ്ഥാനത്തിൽ നമ്മുടെ തപാൽ—കമ്പിത്തപാൽ നിയമങ്ങൾക്കു ഭേദഗതികൾ വരുത്തുകയാണ് ആവശ്യം. 'ചോർത്താനും തുറക്കാനു'മുള്ള സർക്കാരിന്റെ അധികാരം ഒരു രാഷ്ട്രവും പൂർണമായി ഉപേക്ഷിച്ചിട്ടില്ല. ഉപേക്ഷിക്കുക ഒരുപക്ഷേ, പ്രായോഗികമായേക്കുകയില്ല. 'ചോർത്തലും തുറക്കലും' ദുരുപയോഗപ്പെടുത്താതിരിക്കാൻ യുക്തിസംഗതങ്ങളായ മുൻകരുതലുകൾ ഏർപ്പെടുത്തുകയും എന്നിട്ടും ദുരുപയോഗപ്പെടുത്തൽ തുടരുകയാണെങ്കിൽ പരിഹാരം നേടുന്നതിനായി കോടതിയെ സമീപിക്കാൻ പരാതിക്കാർക്കു സൗകര്യം നൽകുകയുമാണു കരണീയം.

അത്തരം നിയമസംവിധാനം നടപ്പിൽവരുംവരെ ടെലിഫോണിൽ സംസാരിക്കുമ്പോഴും കത്തെഴുതുമ്പോഴും ഓർക്കുക: നിങ്ങൾ ഉദ്ദേശിക്കാത്ത എത്രയോ ചെവികളിൽ ഈ സംസാരവും എത്രയോ കണ്ണുകളിൽ ഈ എഴുത്തും എത്തിപ്പെടാൻ സാദ്ധ്യതയുണ്ട്!

(22 ആഗസ്റ്റ്, 1988)